LIBRARY ARCHIVES Kerala Legislative Assembly

വാഴക്കാട് കേന്ദ്രമായി ഒരു ഐ.ടി.ഐ.

236(4522) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ വാഴക്കാട് കേന്ദ്രമായി ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്നതിൽ വന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി വാഴക്കാട് ഗ്രാമപഞ്ചായത്ത് ആവശ്യമായ സ്ഥലം നൽകിയിട്ടുണ്ടോ;

(സി) നടപടിക്രമങ്ങൾ വേഗത്തിലാക്കി അടുത്ത അദ്ധ്യയന വർഷം ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിൽ വാഴക്കാട് കേന്ദ്രമായി ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അരിക്കോട് ഐ.ടി.ഐ. പ്രൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ടിയാൻ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാഴക്കാട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന സ്ഥലം ഐ.ടി.ഐ. കെട്ടിടം സ്ഥാപിക്കുന്നതിന് അനുയോജ്യമാണോയെന്ന് അറിയുന്നതിന് പി.ഡബ്ല്യു.ഡി. യുമായി ബന്ധപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം വകുപ്പിന് വിട്ടുനൽകിയിട്ടില്ല. വാഴക്കാട് വില്ലേജിലെ റീ-സർവ്വെ നമ്പർ 230/1,2-ൽ പെട്ട 0.8010 ഹെക്ടർ സ്ഥലം പഞ്ചായത്തിന്റെ കൈവശത്തിലുണ്ടെന്നും ആയത് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വിട്ടുനൽകാൻ തയ്യാറാണെന്നും വാഴക്കാട് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(സി) ഭൗതിക സൗകര്യം (ഭൂമി, കെട്ടിടം) ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കൊയിലാണ്ടി ഐ.ടി.ഐ. യുടെ നിലവാരം ഉയർത്താൻ നടപടി

237 (4523) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ-യുടെ നിലവാരം ഉയർത്തുന്നതിലേയ്ക്ക് പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി 2014-2015 ബഡ്ജറ്റിലേയ്ക്ക്